LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരസഭാ മേഖലയിലെ തെരുവ് വിളക്കുകൾ

51 (4042) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭാമേഖലയിലെ നൂറു വാർഡുകളിലും നിലവിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാത്തത് എന്തുകൊണ്ടാണ് ;

(ബി) പ്രസ്തുത വിളക്കുകൾ എന്നത്തേക്ക് പ്രകാശിപ്പിക്കും എന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 17-5-2012-ലെ ബോർഡ് ഉത്തരവ് BO FM (Genl) No.1007/2012 (Plg.Com 3515/98/11-12) dated 17-5-2012 പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയ്ക്ക് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാതെ വന്നതുകൊണ്ട് ആവശ്യമായ ലേബർ ചാർജ്ജുകൾ നഗരസഭ അടയ്ക്കുകയും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുകയും ചെയ്യുന്ന മുറയ്ക്ക് ടി അറ്റകുറ്റപ്പണികൾ ബോർഡ് ചെയ്യുമെന്ന ധാരണയിലെത്തുകയുണ്ടായി. തിരുവനന്തപുരം നഗരസഭയുടെ പരിധയിൽ വരുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം നാളിതുവരെ ലേബർ ചാർജ്ജ് ഇനത്തിൽ 79,21,596 രൂപ നഗരസഭ ബോർഡിൽ അടച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ നഗരസഭയാണ് വാങ്ങി നൽകേണ്ടത്. നഗരസഭ നൽകിയ സാധന സാമഗ്രികൾ ഉപയോഗിച്ച് ഉദ്ദേശം 65 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. യഥാസമയം അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധന സാമഗ്രികൾ നഗരസഭ ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാവുന്നതാണ്.

പുക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

52 (4043) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.-യുടെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) മഞ്ചേരി ഡിവിഷനു കീഴിൽ മഞ്ചേരി നോർത്ത്, കീഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 54 സെക്ഷൻ ഓഫീസുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഭാവിയിൽ പുതിയ സെക്ഷൻ രൂപീകരണത്തിനുള്ള മാനദണ്ഡം ബാധകമാകുമ്പോൾ പ്രസ്തുത നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

വൈദ്യുതി മോഷണം

53 (4044) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമോഷണം സംബന്ധിച്ച് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഈടാക്കിയ പിഴയുടെ കണക്ക് ജില്ലതിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ താമസിക്കുന്ന വീട്ടിൽത്തന്നെ ചെറിയ താത്ക്കാലിക നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി വൈദ്യുതി ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുവാദം ആവശ്യമുണ്ടോ ;

(സി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly